**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1922** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വിവിധതരം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നത് വഴി ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ഉണ്ട്.<br><br>കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ) ക്ഷീരകർഷകരിൽ നിന്നും സംഭരിക്കുന്ന പാൽ അത്യാധുനിക ഡയറി പ്ലാൻറുകളിൽ ഉൽപാദന പ്രക്രിയക്ക് വിധേയമാക്കി പാലിനോടൊപ്പം ഗുണമേന്മയുള്ള അനവധി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന എല്ലാ ഉൽപ്പന്നങ്ങളുടെയും പാലിന്റെയും വിൽപന വിലയുടെ ഏതാണ്ട് 83 ശതമാനവും ക്ഷീരകർഷകർക്ക് തന്നെ പാൽ വിലയായും മറ്റാനുകൂല്യങ്ങളായും തിരികെ ലഭിക്കുന്ന സംവിധാനമാണ് മിൽമ അവലംബിച്ചിരിക്കുന്നത്. |
| (ബി) | ഉയർന്ന ഗുണമേന്മയുള്ള കാലിത്തീറ്റ പ്രാദേശികമായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | ഗുണമേന്മയുള്ള കാലിത്തീറ്റ പ്രാദേശികമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായിട്ടാണ് പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ യൂണിറ്റുകൾ ആരംഭിച്ചിരിക്കുന്നത്. അപ്രകാരം തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ കാലിത്തീറ്റ ലഭ്യമാക്കുവാൻ കരുനാഗപ്പള്ളി യൂണിറ്റും (പ്രതിദിന ഉത്പാദന ശേഷി 300 മെട്രിക് ടൺ) മലയോര പ്രദേശങ്ങളുൾപ്പെടുന്ന ഇടുക്കി, കോട്ടയം ജില്ലകൾക്കായി തൊടുപുഴ യൂണിറ്റും (പതിദിന ഉത്പാദന ശേഷി 500 മെട്രിക് ടൺ), തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിൽ കാലിത്തീറ്റ വിതരണത്തിനായി കല്ലേറ്റുംകര യൂണിറ്റും (പ്രതിദിന ഉത്പാദന ശേഷി 650 മെട്രിക് ടൺ), വടക്കൻ മേഖലയിലെ കാലിത്തീറ്റ വിതരണം സുഗമമാക്കുന്നതിനായി വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി തിരുവങ്ങൂർ യൂണിറ്റും (പ്രതിദിന ഉത്പാദന ശേഷി 300 മെട്രിക് ടൺ) സ്ഥാപിച്ചിരിക്കുന്നത്. പ്രാദേശികമായി |

| | | | |
|---|---|---|---|
| | | | കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ക്ഷീരസംഘങ്ങൾ, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP) ജനകീയാസൂത്രണപദ്ധതി, ഡീലർമാർ മുഖേനയും കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റ വിതരണം നടത്തുന്നുണ്ട്.<br><br>പ്രതിദിനം 300 മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾ മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ക്ഷീര സംഘങ്ങളിൽ നിന്നും ലഭിക്കുന്ന ഇൻഡൻറുകൾക്കനുസരിച്ച് ഗുണമേന്മയുള്ള കാലിത്തീറ്റ അതാത് സംഘങ്ങളിൽ മിൽമ എത്തിച്ച് നൽകി വരുന്നുണ്ട്.<br><br>ഉരുക്കളുടെ ആരോഗ്യത്തിനും ഗുണമേൻമയുള്ള പാൽ ഉൽപ്പാദനത്തിനും പച്ചപ്പുൽ നൽകുന്നത് ഉത്തമമായതിനാൽ സമീകൃത കാലിത്തീറ്റയേക്കാൾ തീറ്റപ്പുൽകൃഷിയാണ് ക്ഷീരവികസന വകുപ്പ് പ്രോത്സാഹിപ്പിക്കുന്നത്. ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടു കൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി എം ആർ എന്നിവ നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. |
| (സി) | ഇതര സംസ്ഥാനത്ത് നിന്നുള്ള ഗുണനിലവാരം കുറഞ്ഞ മായം ചേർന്ന കാലിത്തീറ്റയുടെ വിതരണം തടയാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും ആയത് സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. പൊതുജനാഭിപ്രായം തേടി ഇത് നിയമമാകുന്നതോടെ കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന കാലിത്തീറ്റയുടേയും തീറ്റവസ്തുക്കളുടേയും ഗുണനിലവാരം പരിശോധിക്കുന്നതിനും നിർദ്ദിഷ്ട ഗുണനിലവാര മില്ലാത്തവ വിൽക്കുന്ന സ്ഥാപനങ്ങൾ/ കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനും പിഴ, കോമ്പൻസേഷൻ അടക്കമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ